**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1742

10.02..2020-ൽ മറുപടി നൽകേണ്ടത്

## നടുവിൽ പോളിടെക്നിക്ക് നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് : | | മറുപടി<br>ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ സ്ഥലം പുതിയതായി ആരംഭിക്കുന്ന നടുവിൽ പോളിടെക്നിക്കിന് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയെത്തിയെന്ന് അറിയിക്കാമോ; | (എ) 09.10.2019-ലെ സ.ഉ.(കൈ) നം. 307/2019/റവ. പ്രകാരം നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന് കൈവശമുള്ള 7.52 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം കൈമാറാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കാൻ കണ്ണൂർ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. സ്ഥലകൈമാറ്റവുമായി ബന്ധപ്പെട്ട വില്ലേജ് / താലൂക്ക് രേഖകളിൽ മാറ്റം വരുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പോളിടെക്നിക്കിന്റെ അംഗീകാരത്തിന് എ.ഐ.സി.ടി.ഇ. യിൽ അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) 2020-21 വർഷത്തേയ്ക്ക് AICTE അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പോളിടെക്നിക്കിനാവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ടെൻഡർ നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണുള്ളതെന്ന് അറിയിക്കാമോ? | **(സി)** | 15.11.2019-ലെ സ.ഉ(സാധാ) നം. 2034/2019/ഉവിവ പ്രകാരം 207/- ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം മാത്രമാണ് ആരംഭിക്കാനുള്ളത്. ഈ പ്രവൃത്തി സാങ്കേതിക അനുമതിയ്ക്ക് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ബാക്കിയുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ